**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 749** **28-06-2022 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പഠന കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സഹകരണ കോളേജുകൾക്ക് മുൻഗണന ലഭിക്കുന്നതിനായി വകുപ്പ് നടപടി സ്വീകരിക്കുമോ; | (എ) | വിഷയം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനക്ക് സമർപ്പിക്കുന്നതാണ്. |
| (ബി) | ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഒരു ഏകീകൃത സോഫ്റ്റ്‌വെയർ പ്രയോഗത്തിൽ കൊണ്ടുവരാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും, ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal (RFP) തയ്യാറാക്കുകയും ചെയ്തിരുന്നു. RFP പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരിശോധിക്കുന്നതിലേക്കായി ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP സർക്കാർ അംഗീകരിക്കുകയും, സർക്കാരിന്റെ നിർദേശാനുസരണം RFP പ്രകാരമുള്ള ടെണ്ടർ 23.01.2021-ന് ഇ-ടെണ്ടർ website-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.<br><br>Bid Opening തീയതിയിൽ ടെണ്ടർ പരിശോധിച്ചതിൽ നിന്ന് ഒരു കമ്പനിയും ടെണ്ടർ നടപടികളിൽ പങ്കെടുക്കാത്തതിനാൽ റീടെണ്ടറിങ്ങിനുള്ള നടപടികൾ സ്വീകരിച്ചു. RFP-യിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ RFP പ്രകാരമുള്ള ടെണ്ടർ 18.12.2021ന് e-tender website-ൽ പ്രസിദ്ധീകരിച്ചു. ബിഡ് ഓപ്പണിങ് തീയതിയായ 12.05.2022ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br><br>നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, |

| | | | |
|---|---|---|---|
| | | | വായ്പ,എം.ഡി.എസ് ഉടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത് കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM ഉടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്.<br><br>സംഘങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പ വരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യത്തോടെ പരമാവധി സുരക്ഷ ഉറപ്പവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് തയ്യാറാക്കുന്ന ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | എസ്. സി. / എസ്. ടി. സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് എന്തെല്ലാം നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ചുവടെ പറയും പ്രകാരം ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്.<br><br>1. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ചു വർഷവും ടി അഞ്ചു വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ ഉടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചു വരുന്നു.<br>2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5.00 ലക്ഷം രൂപ സബ്സിഡി ആയി അനുവദിക്കുന്നു.<br>3. സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5.00 ലക്ഷം രൂപ സബ്സിഡി ആയി അനുവദിക്കുന്നു. |

4. സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനമായി പരമാവധി 4.00 ലക്ഷം രൂപ അനുവദിക്കുന്നു.
5. വിവിധ പ്രോജക്റ്റുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20.00 ലക്ഷം രൂപ (ഓഹരി - 5.00 ലക്ഷം രൂപ + സബ്സിഡി - 15.00 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.
6. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്ന തിന് 5.00 ലക്ഷം രൂപ (ഓഹരി-1,50,000 രൂപ + സബ്സിഡി - 3,50,000 രൂപ) അനുവദിച്ചുവരുന്നു.
7. നൂതന പദ്ധതികൾ നടന്നു വരുന്നത് കൂടാതെ സംസ്ഥാനത്തെ പ്രവർത്തന ക്ഷമമായ എല്ലാ പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പരിയാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജനി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി - 50%, ഓഹരി - 35%) എന്ന ക്രമത്തിൽ അനുവദിക്കുന്നു. സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40.00 ലക്ഷം രൂപ (ഓഹരി - 10.00 ലക്ഷം രൂപ + വായ്പ - 30.00 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.
8. കൂടാതെ ടി സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50.00 ലക്ഷം രൂപ (ഓഹരി - 20.00 ലക്ഷം രൂപ + സബ്സിഡി - 30.00 ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള മാർഗനിർദേശം അംഗീകരിച്ചിട്ടുണ്ട്.
9. ഇതിനുപുറമെ റിവോൾവിംഗ് ഫണ്ടിനത്തിലും ടി സംഘങ്ങൾക്ക് പരമാവധി 5.00 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| | | | കൂടാതെ സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകുകയും ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി - 50%, ഓഹരി - 35%) ധനസഹായമായി അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ